ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

*SANTHOME MESSENGER*





# WELCOME



FR. JOICE MADUKKAKUZHY CMI



FR. SHIJIN PULIMOOTTIL CMI

## New Assistant Vicars

FR VICAR, TRUSTEES
& ST THOMAS PARISH COMMUNITY

# സാന്തോം മെസഞ്ചർ

**SANTHOME MESSENGER**

St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 46 / Issue: 1 /January - February 2020


# CONTENTS


06



നോമ്പുകാലം: ദൈവത്തെ രുചിച്ചറിയാനുള്ള കാലം

08



ചാവറ ചിന്തകൾ

10



A Techie Saint of the Time
**VENERABLE CARLO ACUTIS**



## Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**
Fr. Jobin Tholanickal CMI
Mob : 7276251626, 9496645595
E-mail : jobintholani@gmail.com

**Associate Editor**
Fr. Shan Kunnumpurathu CMI
Mob : 6238512775
E-mail : shakunnumpurathu@gmail.com

**Editorial Board**
Mrs. Prameela Varghese
Mrs. Sweetha Mary Rejy
Mr. Leejoe Thomas
Mr. Naveen Joseph (Trustee in charge)
Mr. Tony Thomas

**Layout Design & Printing**
**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com

# വലിയനോമ്പ്

സീറോ മലബാർ സഭയുടെ ആരാധനാ വത്സര കലണ്ടർ അനുസരിച്ച് ദനഹാക്കാലത്തിനും ഉയിർപ്പു തിരുന്നാളിനും ഇടയിലുള്ള ഏഴ് ആഴ്ചക്കാലം പ്രാശ്ചിത്തത്തിനും, പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പ് കാലമാണ്. ഈശോയുടെ മരുഭൂമിയിലെ 40 നാശം ഉപവാസമാണ് (മത്താ. 4:2) വലിയ നോമ്പ് കാലത്തിന്റെ അടിസ്ഥാനം.

വിഭൂതി (കുരിശുവരപെരുന്നാശം) തിരുന്നാളോടുകൂടിയാണ് ഈ കാലം ആരംഭിക്കുന്നത്. പഴയ നിയമത്തിൽ നിരവധി തവണ ചാരം പൂശി ദൈവസന്നിധിയിൽ കരുണയ്ക്കായി പ്രാർത്ഥിക്കുന്ന ജന ജീവിതത്തിൽ ദൈവം ഇടപെടുന്നതായി നാം വായിക്കുന്നുണ്ട്.

ദൈവസന്നിധിയിൽ കരുണയ്ക്കും മാനസാന്തരത്തിനുമായി യാചിക്കാൻ ലഭിക്കുന്ന നല്ല അവസരമാണ് വലിയ നോമ്പ്. വിഭൂതി തിരുന്നാളും നെറ്റിയിൽ വരച്ച കുരിശും ഒരു ഓർമ്മപ്പെടുത്തലാണ്.

പരസ്യ ജീവിതത്തിനുള്ള ഗൃഹപാഠമാണ് മരുഭൂമിയിൽ വച്ചുള്ള പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ഈശോ ചെയ്തു തീർക്കുന്നത്.

നമ്മുടെ പരസ്യ വിശ്വാസ ജീവിതമാണ് കുടുംബത്തിൽ സമൂഹത്തിൽ ഇടവക കൂട്ടായ്മകളിൽ നാം ജീവിക്കുന്നത്. പ്രലോഭനങ്ങളെ അതിജീവിച്ച് വിശ്വാസവഴിയിൽ നീങ്ങാനുള്ള ശക്തി ഈ നോമ്പുകാലത്ത് നമുക്ക് ലഭ്യമാകട്ടെ. യോന പ്രവാചകൻ നൽകിയ അടയാളം നിനവേക്കാർക്ക് ശക്തി നൽകിയതുപോലെ




## ഇടയനാദം

വിഭൂതിയുടെ കുരിശടയാളം വലിയ നോമ്പിൽ നമുക്ക് ശക്തി നൽകട്ടെ.

### ചാവറ വർഷം (2020)

വി. ചാവറ പിതാവിന്റെ സ്വർഗ്ഗപ്രാപ്തിയുടെ ശതോത്തര സുവർണ്ണ ജൂബിലി (150) വർഷമാണ് 2020 സീറോ മലബാർ സഭാതലവൻ അഭിവന്ദ്യ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവ് ഈ വർഷത്തെ ചാവറ വർഷമായി പ്രഖ്യാപിക്കുകയുണ്ടായി. ചാവറ പിതാവിനെ കൂടുതൽ അറിയാനും ആത്മീയ വളർച്ചയിൽ വഴികാട്ടിയാവാനും ഇടവരട്ടെ.

**Fr. Shan Kunnumpurathu CMI**




Ash Monday is observed 49 days before Easter Sunday, and it signals the beginning of the fifty days of lent period. Lent is the annual reset button that the church gives us to help us remember what is really important in life. Lent provides a time to focus on preparation for the season's themes of prayer, fasting and alms giving. It's a time for us to come closer to God, a time for us to pray more and to be more charitable, a time to strengthen our faith as well as a time renewal and purification. Lent is more than just fasting from food. We are supposed to fast from sinful passions from what we see, hear and speak.

No matter how hard we work, we will take no wealth with us from this life. Earthly realities fade away like dust in the wind, as Pope Francis said possessions are temporary, power passes, success wanes. The ashes remind us that we are sinners, but the cross reminds us that we have a savior. No one can put out a man in whom the spirit of enthusiasm and fire of faith burn. So in this Lenten season let us renew ourselves, with the vows of today and dreams of tomorrow let's follow the footsteps of our saviour.



EDITORIAL

# മരുഭൂമിയിൽ വിരിയേണ്ടത്

താരതമ്യേന കുറഞ്ഞ ഒരു മൂന്നു വർഷകാലയളവ് മുന്നിൽ കണ്ടാണ് ക്രിസ്തു അവന്റെ മരുഭൂമി ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. മൂന്നുവർഷത്തെ ആ ജീവിതം താരതമ്യേന ഹ്രസ്വമെങ്കിലും അത്രയും പ്രധാനപ്പെട്ടതായിരുന്നു. ഒരു ചിത്രശലഭം വിശാലമായ ഈ ലോകത്തിലേക്ക് അതിന്റെ ചിറകുകൾ ഉയർത്തുന്നതിനു മുമ്പ് ഒരു പ്യൂപ്പയിലേക്ക് ഒതുങ്ങി കൂടുന്നതുപോലെ ക്രിസ്തു മരുഭൂമിയുടെ ആ വിജനതയിലേക്ക് ഒതുങ്ങി കൂടുകയാണ്. മരുഭൂമിയുടെ ഊഷരത ക്രിസ്തുവിനെ മടുപ്പിച്ചിട്ടുണ്ടാവണം. മുപ്പതുവർഷം നസ്രത്തിലെ മറിയത്തോടൊപ്പമുള്ള സഹവാസത്തിന്റെ ദിനങ്ങളൊക്കെ ഒരു നഷ്ടബോധം പോലെ അവനെ പിന്തുടർന്നിരിക്കണം. അതുകൊണ്ട് ആഗ്രഹങ്ങളൊക്കെ പ്രലോഭകനെ പോലെ അവനെ സമീപിക്കുകയാണ്. പക്ഷേ മനസ്സിലിട്ട വചനത്തിന്റെ അടിത്തറ അവയെയെല്ലാം തറപറ്റിക്കുകയാണ്. അതുകൊണ്ടാണ് പാറമേൽ തന്നെ ഭവനം പണിയണം എന്ന് യേശു ആവശ്യപ്പെടുന്നത്. എത്രശക്തമായ കൊടുങ്കാറ്റിലും പരീക്ഷയിലും അമരത്തൊരു തലയിണവച്ച് ഉറങ്ങി ജയിക്കാവുന്ന ഒരു അടിത്തറ.

ഒരു പ്യൂപ്പാ ഘട്ടത്തിലേക്ക് നമ്മെ തന്നെ കെട്ടിയിടുന്ന ദിനങ്ങളാണ് നോമ്പിന്റെ അമ്പതു ദിവസങ്ങൾ. വിഭൂതി ദിനത്തിൽ നെറ്റിയിൽ തൊടുന്ന ചാരത്തോളമേയുള്ളു ജീവിതത്തിന്റെ ആകെ തുക എന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ്.

ഭക്ഷണമേശയിലെ പ്രധാന വിഭവങ്ങളൊക്കെ പിന്നിലേക്ക് മാറ്റുക മാത്രമല്ല ആ മരുഭൂമി അനുഭവത്തിൽ നിന്ന് ഒരു ആത്മീയ അടിത്തറ ഉണ്ടാക്കിയെടുക്കുക എന്നതും പ്രധാനപ്പെട്ടതാണ്. പള്ളിപെരുന്നാളിന്റേയും ആഘോഷങ്ങളുടേയും ഉത്സവദിനങ്ങളിൽ നിന്ന് പിന്മാറി പരീക്ഷയുടെ ജോലിതിരക്കുകളിലേക്കും കയറുമ്പോൾ ഈ വിജനത അനുഭവം മുതൽ കൂട്ടായിരിക്കും. നാളിതുവരെ തന്ന പിന്തുണകൾക്കെല്ലാം അകമഴിഞ്ഞ നന്ദിയോടെ.

**ഫാ. ജോബിൻ തോലാനിക്കൽ സി.എം.ഐ.**

# TRUSTEES' DESK

ക്രിസ്തുവിന്റെ പീഡകളിൽ പങ്കുകാരാകുന്നതിലുള്ള ആനന്ദം ജീവിതം കൊണ്ടു തെളിയിച്ച രണ്ടു വിശുദ്ധന്മാരുടെ പുണ്യസ്മരണകളാൽ അനുഗ്രഹീതമാകുകയാണ് നമ്മുടെ സെന്റ് തോമസ് ദേവാലയം. യേശുവിന്റെ മുറിപ്പാടുകളിൽ തൊട്ടറിഞ്ഞ വിശ്വാസതീക്ഷ്ണത ഭാരതത്തിന്റെ ഹൃദയ സ്പന്ദനമാക്കി മാറ്റുകയും, മരിക്കുവോളം അവനുവേണ്ടി സാക്ഷ്യം വഹിക്കുകയും ചെയ്ത തോമാശ്ലീഹായുടെയും, അമ്പുകളുടെ മുനമ്പിൽ ക്രിസ്തുവിശ്വാസത്തെ നെഞ്ചോടു ചേർത്തുപിടിച്ച വി. സെബസ്ത്യാനോസിന്റെയും തിരുന്നാൾ ഇക്കഴിഞ്ഞ 15, 16 തീയതികളിൽ മണ്ഡ്യ രൂപതയുടെ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടപ്പെട്ടു.

ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനായി ലഭിക്കുമായിരുന്ന സ്ഥാനമാനങ്ങളും സ്വജീവൻ തന്നെയും നഷ്ടപ്പെടുത്തിയ വീരനും ധീരനുമായ രക്തസാക്ഷിയാണ് വി. സെബസ്ത്യാനോസ്. പകർച്ച വ്യാധികളും മാറാ രോഗങ്ങളും മാറാൻ വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടുമ്പോഴും അതിനെല്ലാമുപരിയായി യഥാർത്ഥ വിശ്വാസത്തിൽ വളരുവാനുള്ള കൃപ ലഭിക്കുന്നതിനായി വിശുദ്ധന്റെ വിശ്വാസവഴി നമുക്കു സ്വായത്തമാക്കാം.

ഡിസംബർ 27 -ാം തീയതി നമ്മുടെ ഇടവകയിൽ നിന്നും ആദ്യമായി വൈദിക പട്ടം സ്വീകരിക്കുകയും നമ്മുടെ ഇടവകയിൽ തന്നെ അസി. വികാരിയായി ചാർജ്ജ് എടുക്കുന്ന ഫാ. ഷിജിൻ പുളിമൂട്ടിൽ സി.എം.ഐ.യ്ക്കും, അദ്ദേഹത്തോടൊപ്പം അസി. വികാരിയായി ചാർജ്ജെടുക്കുന്ന ഫാ. ജോയ്സ് മടുക്കാക്കുഴി സി.എം.ഐ.യ്ക്കും നമ്മുടെ ഇടവകയിലേക്ക് ഹാർദ്ദവമായ സ്വാഗതം.

ഇക്കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ ഇടവകയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഷാനച്ചനും, ജോബിനച്ചനും പ്രാർത്ഥനാ നിർഭരമായ യാത്രമംഗളങ്ങൾ നേരുന്നതോടൊപ്പം, അവരുടെ പുതിയ കർമ്മ മണ്ഡലങ്ങളിൽ പ്രശോഭിക്കുവാൻ എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

വി. യൗസേപ്പുപിതാവിന്റെ ഊട്ടുതിരുന്നാൾ മാർച്ച് 22-ാം തീയതി ഞായറാഴ്ച വൈകിട്ട് 5.30 ന്റെ ദിവ്യബലിക്കുശേഷം നടത്തപ്പെടുന്നു. ഏവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

നമ്മുടെ ഇടവകതിരുനാൾ മനോഹരമായ രീതിയിൽ വിജയകരമാക്കിയ ബഹു. വികാരിയച്ചനും, കൊച്ചച്ചന്മാർക്കും ബഹു. സിസ്റ്റേഴ്സിനും, ബ്രദേഴ്സിനും, പാരിഷ് സ്റ്റാഫ്, വിവിധ കമ്മറ്റി അംഗങ്ങൾ, കൗൺസിൽ മെമ്പർമാർ, ഇടവകയിലെ ഓരോ കുടുംബാംഗങ്ങളോടും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും ഈയവസരത്തിൽ അറിയിച്ചുകൊണ്ട്

സ്നേഹപൂർവ്വം ട്രസ്റ്റിമാർ


Prof Dr. Jain Mathew


A D Joseph


Mathew K Joseph


Benny Sebastian


Naveen Joseph



# നോമ്പുകാലം: ദൈവത്തെ

**ലിൻജോ അറങ്ങശ്ശേരി**

കലാകൗമുദിയിൽ വായിച്ച പവിത്രൻ തീക്കുനിയുടെ ഒരു കവിത ഓർമ്മവരുന്നു. എല്ലാ ഗ്രാമങ്ങളിലും മനോനില തെറ്റിയ ഒരാളുണ്ടാകും എന്നാൽ അതേ ഗ്രാമത്തിൽ അയാളെ മനുഷ്യനായി മാത്രം കാണുന്ന വിരലിൽ എണ്ണാവുന്ന ചിലരുണ്ടാകും.

ദൈവം മനുഷ്യനായി പിറക്കാൻ എന്ത് ഭ്രാന്താണെന്ന് ഒരിക്കലെങ്കിലും ചിന്തിക്കുന്നത് നല്ലതാണ്. ഉത്തരം ലളിതമാണ്. സ്നേഹം. തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). മനുഷ്യവംശത്തോടുള്ള സ്നേഹംകൊണ്ട് മനോനില തെറ്റിയ ദൈവത്തിന്റെ ഒരു സമ്മാനമാണ് ക്രിസ്തു. അതുകൊണ്ടുതന്നെ കാലങ്ങളായി കാത്തിരുന്ന യഹൂദജനതയുടെ കാത്തിരിപ്പിന്റെ ഫലമാണ് ക്രിസ്തുവെന്നു പറയപ്പെടുമ്പോഴും തന്റെ ഏറ്റവും പ്രിയപ്പെട്ട ജനതയോട് ദൈവത്തിനു തോന്നിയ അനന്തസ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു ക്രിസ്തുവെന്നു പറയുവാനാണ് ഞാനിഷ്ടപ്പെടുന്നത്.

ദൈവത്തെ മനോനില തെറ്റിയ മനുഷ്യനായി കണ്ടവരും ഏറെയാണ്. യഥാർത്ഥത്തിൽ ക്രിസ്തുവിലെ ദൈവത്തെ കണ്ടെത്തിയവർ ചുരുക്കമായിരുന്നു. സഭയുടെ ചരിത്രത്തിൽ തന്നെ ക്രിസ്തുവിലെ മാനുഷികതയേയും ദൈവികതയേയും കുറിച്ച് ഒരുപാട് തർക്കങ്ങൾ നിലനിന്നിരുന്നതും ഇവിടെ കൂട്ടിവായിക്കാവുന്നതേയുള്ളൂ.

അകലങ്ങളിലിരുന്ന് തന്റെ സ്വന്തം ജനതയെ നയിക്കുന്ന ദൈവമാണ് പഴയനിയമം കാണിച്ചു തരുന്നതെങ്കിൽ പുതിയ നിയമത്തിലെ ദൈവം മനുഷ്യനോടൊപ്പമായിരിക്കുവാൻ മനുഷ്യനായി പിറന്നവനായിരുന്നു. പഴയ നിയമ ചരിത്രത്തെ മനസിരുത്തി വായിച്ച് ധ്യാനിച്ചാൽ അറിയാം തന്റെ സ്വന്തം ജനമായ ഇസ്രായേൽ ജനതയെ നയിക്കുവാൻ അതാതു കാലഘട്ടങ്ങളിൽ അവർക്കിണങ്ങിയ പ്രവാചകന്മാരേയും ന്യായാധിപന്മാരേയും രാജാക്കന്മാരേയും നൽകി അനുഗ്രഹിക്കുന്ന ദൈവസ്നേഹത്തെ, അവർക്കു രാവും പകലും യാത്ര ചെയ്യാനാവും വിധം പകൽ വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും രാത്രിയിൽ പ്രകാശം നല്കാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവ് അവർക്കു മുൻപേ പോയി (പുറ. 13:21). സൃഷ്ടാവിന് സൃഷ്ടിയോട് തോന്നിയ അനന്ത സ്നേഹത്തിന്റെ ഒത്തിരി ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥം നമുക്കു മുൻപിൽ തുറന്നു വയ്ക്കുന്നു. കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു (സങ്കീ. 34:7).

വിശുദ്ധ ഗ്രന്ഥത്തിലെ ദൈവ സാന്നിദ്ധ്യത്തെ മൂന്നു വിധത്തിലാണ് ബൈബിൾ പണ്ഡിതന്മാർ വിവരിക്കുക. ജീവൻ പ്രദാനം ചെയ്യുന്ന ദൈവം, വിമോചകനായ ദൈവം, പരിപാലകനായ ദൈവം.



പരിത്യാഗത്തിന്റെ പുണ്യവഴിയിലൂടെ നടന്നു നീങ്ങുന്ന ഈ നോമ്പുകാലത്തിൽ എനിക്കുവേണ്ടി മനുഷ്യവതാരം ചെയ്തു പീഢകശം സഹിച്ച് മരിച്ച് ഉയിർപ്പിക്കപ്പെട്ട ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയുവാൻ എനിക്കാകണം. ജീവിതത്തിൽ ഞാൻ മരണത്തിന്റെ താഴ്‌വരയിലൂടെ നടന്നു നീങ്ങിയപ്പോശം കൈകളിൽ താങ്ങിയ എന്റെ തമ്പുരാൻ പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വന്തം ചുടുചോര നൽകി വീണ്ടെടുത്ത എന്റെ നാഥൻ, ജീവിതത്തിന്റെ നൊമ്പരപ്പെടുത്തുന്ന സാഹചര്യങ്ങളിൽ പരിപാലനയുടെ തണലേകിയ എന്റെ ദൈവത്തെ രുചിച്ചറിയുവാനുള്ള വിളിയാകണം ഈ നോമ്പുകാലം. ജീവിതത്തെ നോക്കി സങ്കീർത്തകനെപോലെ നമുക്കും പാടാൻ കഴിയണം "കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ" (സങ്കീ. 34:8).

നോമ്പുകാലം ചില ജീവിത സാഹചര്യങ്ങളോട് 'നോ' പറയുവാനുള്ള അവസരം കൂടിയാണ്. ജീവിതത്തിലെ അഹന്തയോടും ദുശീലങ്ങളോടും പാപ സാഹചര്യങ്ങളോടും വിടവാങ്ങുവാനുള്ള നല്ല സമയം. നല്ല ഫലങ്ങശം രൂപപെടുത്തുവാൻ നാം നമ്മെ തന്നെ വെട്ടിയൊരുക്കുമ്പോശം നോമ്പുകാലം നന്മവിളയുന്ന നാളുകളാകും.

# രുചിച്ചറിയാനുള്ള കാലം

മണ്ണിൽ നിന്നും മനുഷ്യനെ മെനെഞ്ഞടുത്ത ദൈവം മനുഷ്യനെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നവനും പരിപാലനയുടെ കരവലയത്തിൽ സംരക്ഷിക്കുന്നവനുമാണെന്ന് നമ്മശം മറക്കരുത്. ദൈവസ്നേഹം തുടിക്കുന്ന ഒത്തിരി അനുഭവങ്ങശം ഉൽപത്തി പുസ്തകം മുതൽ വെളിപാട് പുസ്തകം വരെ രേഖപ്പെടുത്തിയിട്ടുണ്ട്. വഴിതെറ്റിപോയതിനെ അന്വേഷിച്ചു കണ്ടെത്തുന്ന ഇടയനായിട്ടാണ് ദൈവത്തെ വി. ഗ്രന്ഥകർത്താക്കശം വരച്ചിടുക. അവസാനം ഈ ലോകത്തെ പാപത്തിന്റെ അടിമത്വത്തിൽ നിന്നും വീണ്ടെടുക്കുവാൻ തന്റെ ഏകജാതനെ നൽകുവാൻ അവിടുന്ന് തിരുമനസ്സാകുന്നു.

ആ പുസ്തക താളുകശം
ആദ്യം മുതൽ അവസാനം വരെ
അവൻ വായിച്ചു നോക്കി
പലവട്ടം അവൻ താളുകശം
മറിച്ചു നോക്കി
ഇല്ല! അവന്റെ പേര്
ആ പുസ്തകത്തിലില്ല
അവൻ കരയുവാൻ തുടങ്ങി
കരച്ചിൽ കേട്ടു
ദൈവം വന്നു
അവൻ സങ്കടമുണർത്തിച്ചു
ഈ പുസ്തകത്തിലെന്റെ പേരില്ല
ദൈവം പറഞ്ഞു
നിന്റെ പേര്
ആ പുസ്തകത്തിലല്ല
ഈ ഉള്ളം കൈയ്യിലാണ്.

# ചാവറ വർഷം: ചാവറ ചിന്തകൾ



















"Let there be no day in your life in which you did no good to others."
-St. Kuriakose Elias Chavara


"You angels will be turned to devils, if you fall into evil situation."
-St. Kuriakose Elias Chavara


"You ought to love truth and justice."
-St. Kuriakose Elias Chavara


"Your attire and sanctity ought to be according to your age."
-St. Kuriakose Elias Chavara


"What you earn by deceit and theft will melt like snow."
-St. Kuriakose Elias Chavara


"Immoderate attire will only lead you to evil."
-St. Kuriakose Elias Chavara

## A Techie Saint of the Time

# VENERABLE CARLO ACUTIS



Saints are not identified by the way they dress, but, the way they live, and what matters is whether it is befitting for the glory of God.

When we hear about a very young person who has been canonized—such as St. Dominic Savio-- it's tempting to think that such exceptional and radiant holiness must be a thing of the distant past. Yet, there is no reason that a young person today cannot follow in the footsteps of Christ just as closely, even while fully embracing the modern technology that we're often so tempted to condemn.

Carlo was born in London on May 3, 1991, to Italian parents who moved the family to Milan when he was 3 months old. It was there that Carlo grew up, attending local schools and then a Jesuit high school. Devoted to Our Lady from a young age, Carlo made the effort to recite the Rosary daily and, after his first Communion at age 7, also strove to receive the Eucharist daily and to attend confession weekly.

His warm and gentle heart calls to mind the holiness of many earlier saints, but in one way, Carlo was an original: living in the 21st century, he had access to computers and the internet—and he found them fascinating. He saw media as an awesome opportunity for Christians to evangelize and proclaim the Gospel.

Carlo was gifted at anything related to computers and his friends, and even adults with computer engineering degrees, considered him a genius. Everyone was amazed by his ability to understand computer secrets that are normally accessible only to those who have completed university.

**One of his most significant computer ventures was cataloging all the Eucharistic miracles of the world.** He started the project when he was 11 years old and wrote at the time, “The more we receive the Eucharist, the more we will become like Jesus, so that on this earth we will have a foretaste of Heaven.” He then asked his parents to start taking him to all the places of the Eucharistic miracles, and two and half years later the project was completed.

With his friendly and social nature and love for technology he was passionate about film and comic editing as well as computers. Carlo was like so many teenagers today. His deep love for Christ, however, set him apart, and it was this friendship with God that sustained him through the greatest trial of his life: his battle with leukemia. From his initial diagnosis, Carlo made a point of offering everything he suffered for the Church and the pope. He continuously thought of others even through agonizing treatments. Towards the end of his life, a doctor asked if he was suffering much pain, and Carlo replied, “There are people who suffer much more than me.”

Acutis died of leukemia in Monza, near Milan, on Oct. 12, 2006. His heroic virtues were recognized by the Congregation for the Causes of Saints in July 2018, which advanced his cause for canonization and added the title “Venerable” to his name. The Catholic Church eagerly awaits his beatification.

## Congratulations!



Hearty congratulations to

**NAYANA SEBASTIAN**

(2 Kar Air Sqn (T)NCC) for representing Karnataka in the Republic Day Camp- 2020 held at Rajpath, New Delhi

## Congratulations




**LIZABA I DEEPAK**

*(Daughter of Deepak Sebastian and Iren Deepak)* of our parish, bagged gold in all her events at the Karnataka State Championships in January 2020. And will now represent Karnataka in the National level in March 2020

# CATHOLICS S

## 1 MEANING OF SIGN OF THE CROSS



At the beginning of the day, at the beginning of a prayer and also at the beginning of all important undertakings, a Christian makes the Sign of the Cross over himself and thus starts his business, "In the name of the Father and of the Son and of the Holy Spirit". We are surrounded on all sides by the triune God, calling upon him by name, sanctifies the things we set out to do, it obtains blessing for us and strengthens us in difficulties and temptations.



## 2 IS SUNDAY MASS HEART OR DUTY?

For a genuine Christian Sunday duty is just an inappropriate expression. No one can have a living relationship with Christ without going to the place where he is waiting for us. Therefore, from ancient time onward the celebration of Mass has been the heart of Sunday.

# HOULD KNOW

## 3 WHY A BAPTISMAL NAME?



In baptism each candidate is given a name. The name signifies that you are specially chosen by God and He approves your individuality and uniqueness. Moreover, each individual is given to the protection and intercession of one's patron saint.

## SACRAMENTS ARE ONCE IN A LIFE TIME! 4



Sacraments like baptism, confirmation and Holy orders cannot be repeated. These sacraments imprint an indelible mark on the soul of the Christian. Baptism and Confirmation makes a person a child of God and Christlike once and for all. Holy orders, similarly, leaves an imprint on a Christian man. Because God is faithful, the effect of these sacraments is maintained forever for a Christian as receptivity to God's call, as a vocation and as protection.

## 5 AMEN: SO BE IT!



In liturgy we often use the word '*Amen*'. In the Old Testament, it is used most often in the sense of 'so be it', to reaffirm one's desire for God, to act or to join in the praise of God. In the New Testament, it is commonly the affirmative concluding word of a prayer. St. Augustine says he who says 'Amen' writes his signature. So we put our unconditional trust in Jesus.

First Holy Communion & Confirmation













Parish Feast




















DIVINE




FEAST 2020




ಸ್ ಫೊರೇನ್ ದೇವಾಲಯ, ಬೆಂಗಳೂರ






ಸಂತ ಥಾಮಸ್ ಫೊರೇನ್ ದೇವಾಲಯ, ಬೆಂಗಳೂರು






ST. THOMAS FORANE CHUR




ST. THOMAS FO
PARISH







# മാന്നാനം വിശുദ്ധ ചാവറ തീർത്ഥാടനകേന്ദ്രത്തിന് മാർപാപ്പ പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിച്ചു.



വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന മാന്നാനം സെന്റ് ജോസഫ്സ് ആശ്രമ ദൈവാലയം സന്ദർശിക്കുന്നവർക്ക് മാർപാപ്പ പൂർണ്ണ ദണ്ഡവിമോചനം പ്രഖ്യാപിച്ചിരിക്കുന്നു. വിശുദ്ധ ചാവറയച്ചന്റെ സ്വർഗ്ഗപ്രാപ്തിയുടെ 150-ാം വാർഷികം ആചരിക്കുന്ന 2020 ജനുവരി 3 മുതൽ 2021 ജനുവരി 3 വരെയാണ് പ്രസ്തുത ദണ്ഡവിമോചനം പ്രഖ്യാപിച്ചിരിക്കുന്നത്.

## എന്താണ് ദണ്ഡവിമോചനം?

'അപരാധവിമുക്തമായ പാപങ്ങളുടെ കാലികശിക്ഷയിൽനിന്ന് ദൈവതിരുമുമ്പാകെയുള്ള ശിക്ഷഇളവു ചെയ്യലാണ് പൂർണ്ണദണ്ഡവിമോചനം' എന്നാണ് പരിശുദ്ധ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പൂർണ്ണദണ്ഡവിമോചനത്തെ നിർവചിക്കുന്നത്. അതായത് പാപം ക്ഷമിക്കപ്പെട്ടാലും പാപംമൂലം ഉളവായ ദോഷം അഥവാ കടം വീട്ടപ്പെടേണ്ടതുണ്ട്. ആത്മാവ് ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. ഈ ശുദ്ധീകരണം സാദ്ധ്യമാകുന്നത് കാലികമായ ശിക്ഷ അഥവാ സമയബന്ധിതമായ ശിക്ഷ അനുഭവിച്ചുകൊണ്ടാണ്. ഈ കാലികമായ ശിക്ഷയാണ് പൂർണ്ണമോ ഭാഗികമോ ആയ ദണ്ഡവിമോചനം വഴി ഇളവ് ചെയ്യപ്പെടുന്നത് ബന്ധിക്കാനും അഴിക്കാനും ഈശോമിശിഹാ തിരുസഭയ്ക്ക് നൽകിയ അധികാരത്തിന്റെ ശക്തികൊണ്ട് ക്രൈസ്തവവ്യക്തികളുടെ പാപങ്ങളുടെ കാലികശിക്ഷകളുടെ ഇളവ് പിതാവിൽ നിന്ന് അവർക്ക് ലഭിക്കാനായി ക്രിസ്തുവിന്റെയും വിശുദ്ധരുടെയും യോഗ്യതകളുടെ നിക്ഷേപം തുറന്നുകൊടുക്കുന്നതാണ് ദണ്ഡവിമോചനം.

## എങ്ങനെ ദണ്ഡവിമോചനം പ്രാപിക്കാം?

ദണ്ഡവിമോചനം തിരുസഭ നിർദ്ദേശിച്ചിട്ടുള്ള ചില നിബന്ധനകൾക്ക് വിധേയമാണ്. ഒരുക്കത്തോടെ നല്ല കുമ്പസാരം നടത്തി വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് വിശുദ്ധ കുർബാന കൈക്കൊള്ളുകയും പരിശുദ്ധ പിതാവിന്റെ നിയോഗത്തിനായി 1 സ്വർഗ്ഗ. 1. നന്മ. 1 ത്രിത്വ സ്തുതി ചൊല്ലി പ്രസ്തുത സ്ഥലം സന്ദർച്ച് ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

## എന്തുകൊണ്ട് മാന്നാനത്ത് ദണ്ഡവിമോചനം പ്രഖ്യാപിച്ചു?

ആത്മരക്ഷയ്ക്കായ് നിരന്തരം പരിശ്രമിച്ച വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സഭാസേവന പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനും സഭാംഗങ്ങൾ ആത്മരക്ഷായത്നം പിന്തുടരുന്നതിനും വേണ്ടിയാണ് പരിശുദ്ധ സിംഹാസനം ആത്മരക്ഷയ്ക്കാവശ്യമായ ദണ്ഡവിമോചനം പ്രഖ്യാപിച്ചിരിക്കുന്നത്.




Steffy Theresa & Sijo Antony

Best Regards,

Rimson V R Mob: 9739884216

# DIOCESE NEWS

## ബൈബിൾ കൺവെൻഷൻ – കൃപാഭിഷേകം 2020

മണ്ഡ്യ രൂപതയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ഡൊമിനിക് വളമ്നാൽ അച്ചൻ നയിക്കുന്ന ബൈബിൾ കൺവെൻഷൻ കൃപാഭിഷേകം 2020 മാർച്ച് 26 മുതൽ 29 വരെ ക്രൈസ്റ്റ് സ്കൂൾ ഗ്രൗണ്ടിൽ വച്ച് വൈകിട്ട് 3 മണി മുതൽ രാത്രി 8 മണി വരെ നടക്കുന്നു.

## ബിബ്ലിയ 2020–21

മണ്ഡ്യ രൂപത മാതൃവേദി, ബിബ്ലിയ 2020–21 എന്ന പേരിൽ ബൈബിൾ രചനാ മത്സരം നടത്തുന്നു. അമ്മമാർക്ക് വചനം വായിക്കുവാനും, എഴുതുവാനും, പഠിക്കുവാനും, പ്രഘോഷിക്കുവാനുമുള്ള സുവർണ്ണാവസരം. പൂർത്തീകരിച്ച പകർപ്പുകൾ 2020 മാർച്ച് 30 ന് മുൻപായി അതാത് ഫൊറോനയുടെ മാതൃവേദി കോർഡിനേറ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഇടവകയിലെ മാതൃവേദി ഭാരവാഹികളെ സമീപിക്കുക.

## യുവജന കൺവെൻഷൻ – *FEDE'* 2020

രൂപതയുടെ സീറോ മലബാർ യൂത്ത് മൂവ്മെന്റ് വർഷംതോറും നടത്തിവരുന്ന യുവജന കൺവെൻഷൻ മാർച്ച് 1–ാം തിയതി ഞായറാഴ്ച 8.30 മുതൽ 4.30 വരെ സെന്റ് തോമസ് ഫൊറോനാ ഓഡിറ്റോറിയത്തിൽവച്ച് 'FEDE' 2020' എന്ന പേരിൽ നടത്തുന്നു. ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് സന്ദേശം നൽകും. നടനും, റേഡിയോ ജോക്കിയും, എഴുത്തുകാരനുമായ ജോസഫ് അന്നംകുട്ടി ജോസ് യുവജനങ്ങളുമായി സംവദിക്കുന്നതായിരിക്കും. എസ്.എം.വൈ.എം. മ്യൂസിക് മിനിസ്ട്രിയുടെ ഉദ്ഘാടനവും അതോടൊപ്പം നടക്കും.

## പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

മണ്ഡ്യ രൂപതയുടെ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം ഫെബ്രുവരി 22 ന് ഹുളിമാവിൽ വച്ച് നടക്കും. പുതിയ പാസ്റ്ററൽ കൗൺസിൽ ജൂലൈ അവസാനത്തോടെ നിലവിൽവരും

## പരിശീലന പരിപാടി

വൈദികരെ ദിവ്യകാരുണ്യശുശ്രൂഷകളിൽ സഹായിക്കുന്ന സിസ്റ്റേഴ്സിനായുള്ള പരിശീലന പരിപാടി ഫെബ്രുവരി 29 ശനിയാഴ്ച ഹുളിമാവ് റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തി അച്ചനാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

**മണ്ഡ്യരൂപതയുടെ മൈനർ സെമിനാരിവിദ്യാർത്ഥികളെ സ്പോൺസർ ചെയ്യുവാൻ സന്മനസ്സുള്ളവർ വികാരി, സിറിയക് മാത്തിൽ അച്ചനെ സമീപിക്കുക.**

# ANGELS' MESSENGER







# ഇടവക വാർത്തകൾ

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുന്നാൾ

ജനുവരി 3–ാം തിയതി വിശുദ്ധ ചാവറയച്ചന്റെ തിരുനാൾ ആഘോഷിച്ചു. വൈകുന്നേരം 5 മണിക്ക് ധർമ്മാരാം ചാപ്പലിൽ ആഘോഷമായ ദിവ്യബലിയും തുടർന്ന് ഇടവകദേവാലയത്തിലേക്ക് പ്രദക്ഷിണവും നേർച്ചവിതരണവും ഉണ്ടായിരുന്നു.

## സൗജന്യ നേത്രചികിത്സാക്യാമ്പ്

സെന്റ് വിൻസെന്റ് ഡി പോൾ സംഘടന ദേവി ഹോസ്പിറ്റലുമായി സഹകരിച്ച് ജനുവരി 5–ാം തിയതി ഞായറാഴ്ച രാവിലെ 9 മുതൽ 1.30 വരെ സൗജന്യ നേത്രചികിത്സാക്യാമ്പ് നടത്തി.

## സി.എം.എൽ. വാർഷികം

സി.എം.എൽ. വാർഷികം ജനുവരി 15–ാം തിയതി ബുധനാഴ്ച 1.30 മുതൽ 5.30 വരെ നമ്മുടെ പള്ളിയിൽ വച്ച് നടന്നു. ക്രൈസ്റ്റ് സ്കൂളിൽനിന്ന് 2 മണിക്ക് ആരംഭിച്ച വിശ്വാസ പ്രഖ്യാപനറാലിയിലും തുടർന്ന് പാരിഷ് ഹാളിൽവച്ച് നടന്ന ആഘോഷങ്ങളിലും ഇടവകയിലെ 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾ പങ്കെടുത്തു.

## പ്രഥമ ദിവ്യകാരുണ്യ–സ്ഥൈര്യലേപന സ്വീകരണം

ഈ വർഷത്തെ പ്രഥമ ദിവ്യകാരുണ്യ–സ്ഥൈര്യലേപന ശുശ്രൂഷകൾ ജനുവരി 19–ാം തിയതി ഞായറാഴ്ച കൂരിയ ബിഷപ്പ് അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. രാവിലെ 8.30 ന് പ്രദക്ഷിണത്തോടെ ആരംഭിച്ച ശുശ്രൂഷകളിൽ 58 കുട്ടികൾ പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും സ്വീകരിച്ചു. കൂദാശസ്വീകരണത്തിന് കുഞ്ഞുങ്ങളെ പരിശീലിപ്പിച്ച് ഒരുക്കിയ Sr. Princy DCPB, Sr. Annie DCPB, Mrs. Sheeja Santhosh എന്നിവർക്കും, ബ്രദേഴ്സിനും, സഹകരിച്ച ഏവർക്കും ഇടവകയുടെ പേരിൽ പ്രത്യേക അഭിനന്ദനങ്ങളും നന്ദിയും.

## നവവൈദികർക്ക് സ്വീകരണം

നമ്മുടെ ഇടവകയിൽ വിവിധ വാർഡുകളിലും സംഘടനകളിലും സേവനമനുഷ്ഠിച്ച് ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച ധർമ്മാരാമിലെ നവവൈദികർക്ക് സ്വീകരണം നൽകുകയും ജനുവരി 25–ാം തിയതി ശനിയാഴ്ച വൈകിട്ട് 5.30 നും, 26–ാം തിയതി ഞായറാഴ്ച 9 മണിക്കും 11 മണിക്കും ദിവ്യബലി അർപ്പിക്കുകയും ചെയ്തു. നവവൈദികർക്ക് ഇടവകയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേർന്നു.

## പ്രാർത്ഥനാശുശ്രൂഷ

Board Exam എഴുതുന്ന 10–ാം ക്ലാസ്സിലെയും 12–ാം ക്ലാസ്സിലെയും വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 2–ാം തിയതി ഞായറാഴ്ച 10.30ന് നിത്യാരാധനാ ചാപ്പലിൽവച്ച് പ്രാർത്ഥനാശുശ്രൂഷ നടന്നു.

## കുടുംബ നവീകരണ ധ്യാനം

ഇടവകതിരുനാളിനൊരുക്കമായുള്ള കുടുംബനവീകരണ ധ്യാനം ഫെബ്രുവരി 5 മുതൽ 9 വരെ വൈകുന്നേരം 5 മണി മുതൽ 9 മണിവരെ നടത്തി. ഫാ. റിജോ പയ്യപ്പിള്ളി സി.എം.ഐ. യുടെ നേതൃത്വത്തിൽ തൃശ്ശൂർ, ജറുസലെം റിട്രീറ്റ് ടീം ആണ് ധ്യാനം നടത്തിയത്.

## ഇടവകത്തിരുന്നാൾ

ഇടവക മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടെയും, രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുനാൾ ഫെബ്രുവരി 7 മുതൽ 16 വരെ സംയുക്തമായി ആഘോഷിച്ചു. തിരുനാളിന് ഒരുക്കമായുള്ള കൊടിയേറ്റം 7–ാം തിയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 5.30 ന് ഇടവക വികാരി ഫാ.സിറിയക് മഠത്തിൽ സി.എം.ഐ നിർവ്വഹിച്ചു. തുടർന്ന് ആഘോഷമായ ദിവ്യബലിയും, നൊവേനയും ഉണ്ടായിരുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ 15 വരെ വൈകിട്ട് 5 ന് ജപമാലയും തുടർന്ന് ആഘോഷമായ ദിവ്യബലിയും, നൊവേനയും ഉണ്ടായിരുന്നു. വിവിധ കോൺവെന്റുകളും വാർഡുകളും സംഘടനകളും തിരുനാൾ ദിവസങ്ങളിൽ ജപമാലയ്ക്ക് നേതൃത്വം നൽകി. 18–ാം തിയതി തിങ്കളാഴ്ച ഇടവകയിൽ മരണമടഞ്ഞവരുടെ ഓർമ്മദിനമായി ആചരിച്ചു. രാവിലെ 6.10 ന്റെ ദിവ്യബലി മരിച്ചവർക്കുവേണ്ടി അർപ്പിച്ചു.

തിരുനാൾ തലേന്ന് ഫെബ്രുവരി 15–ാം തിയതി ശനിയാഴ്ച രാവിലെ 6.10ന്റെ ദിവ്യബലിക്കുശേഷം വിവിധ വാർഡുകളിലുള്ള ഭവനങ്ങളിലേക്ക് അമ്പ് എഴുന്നെള്ളിപ്പും വൈകുന്നേരം 4.30 നുള്ള ദിവ്യബലിക്കുശേഷം ഇടവകയുടെ വൃദ്ധസദനമായ കൃപാലയയിൽ നിന്ന് ഇടവകദേവാലയത്തിലേക്ക് 6.30 ന് ആഘോഷമായ പ്രദക്ഷിണവും ഉണ്ടായിരുന്നു. ആയിരക്കണക്കിന് ഭക്തജനങ്ങൾ പ്രദക്ഷിണത്തിൽ പങ്കെടുത്തു.

തിരുന്നാൾ ദിവസമായ ഫെബ്രുവരി 16–ാം തീയതി ഞായറാഴ്ച 9 മണിക്ക് ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് മണ്ഡ്യ ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ആണ്. തുടർന്ന് ആഘോഷമായ പ്രദക്ഷിണവും, പാരീഷ് ഹാളിൽവച്ച് ഇടവകാംഗങ്ങൾ ഒരുക്കിയ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. വൈകുന്നേരം 6 മണിക്ക് കൊടിയിറക്കി. കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസ് അവതരിപ്പിച്ച ദൂരം എന്ന മലയാളം നാടകത്തോടെ ഇക്കൊല്ലത്തെ തിരുനാളിന് തിരശ്ശീലവീണു.

## വേദപാഠവാർഷികം

Catechism Annual Day ആഘോഷങ്ങൾ ഫെബ്രുവരി 23–ാം തിയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് പാരീഷ് മെയിൻ ഹാളിൽ വച്ച് നടന്നു. മണ്ഡ്യ രൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യാതിഥി ആയിരുന്നു. ഓരോ ക്ലാസ്സുകളും പ്രോഗ്രാമുകൾ അവതരിപ്പിച്ചു. Catechism Result February 23–ാം തിയതി പബ്ലിഷ് ചെയ്തു. മീററിംഗിൽ വച്ച് വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അതോടൊപ്പം 12–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് യാത്രയയപ്പും നടന്നു. Annual Day ആഘോഷങ്ങൾ വൻവിജയമാക്കിയ കുട്ടികൾക്കും മാതാപിതാക്കൾക്കും Catechism team നും അഭിനന്ദനങ്ങൾ!

## സെൻ തോമസ് യൂത്ത്

ജനുവരി 12–ാം തിയതി 9 മണിയുടെ ദിവ്യബലിക്കുശേഷം സെന്റ് തോമസ് യൂത്തിന്റെ മീറ്റിംഗും ഇലക്ഷനും നടന്നു. ജനുവരി 26–ാം തിയതി നടന്ന St. Thomas Youth ന്റെയും Santhom Professional Forum ത്തിന്റെയും സംയുക്തമീറ്റിംഗിൽ നവവൈദികൻ ജോയ്സ് അച്ചന് സ്വീകരണം നൽകി. St. Thomas Youth ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരി 9–ാം തിയതി ഞായറാഴ്ച 9 മണിയുടെ ദിവ്യബലിക്കുശേഷം സെന്റ് ചാവറ ഹാളിൽവച്ച് നടത്തപ്പെട്ടു.

## New Office Bearers of St. Thomas Youth (STY)

**President** - Ajay K Jaison
**Vice President** – Jerin Anna James
**General Secretary** – Shriya Merin
**Joint Secretaries** – Abhinav Jaison, Diya Mary Shaju
**Treasurer** – Deepak Jose Panadan
**Councillors** – Anlin Assisi Akkara, Mathew Joy
**Thanal Coordinators** – Ajin Sumesh, Shibin Chakalakkal, Donel K Jaison

പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും ആശംസകളും!

## നവാഭിഷിക്തൻ

ഡിസംബർ 27–ാം തിയതി വെള്ളിയാഴ്ച രാവിലെ 9.30 ന് നമ്മുടെ ഇടവകാംഗമായ ഡീക്കൻ ഷിജിൻ

പുളിമൂട്ടിൽ, രാജ്കോട്ട് ബിഷപ്പ്, മാർ ജോസ് ചിറ്റൂപ്പറമ്പിൽ പിതാവിന്റെ കൈവയ്പു ശുശ്രൂഷവഴി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഇടവകയിലെ പുളിമൂട്ടിൽ കുടുംബത്തിൽ ജോഷി–ഷീല ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ഫാ. ഷിജിൻ. സഹോദരൻ ഷിജോ. തത്വശാസ്ത്ര പഠനം– ബാംഗ്ലൂർ, ധർമ്മാരാം വിദ്യാക്ഷേത്രത്തിൽനിന്നും ദൈവശാസ്ത്രപഠനം– പൂനെ, പേപ്പൽ സെമിനാരിയിൽനിന്നും പൂർത്തിയാക്കി. തിരുപ്പട്ടസ്വീകരണംവഴി പൗരോഹിത്യത്തിലേക്ക് എത്തിയ വൈദികൻ സി.എം.ഐ. ഭവനഗർ പ്രൊവിൻസ് അംഗമാണ്. ഷിജിൻ പുളിമൂട്ടിൽ അച്ചന്റെ പൗരോഹിത്യ ശുശ്രൂഷ മനോഹരമാക്കിതീർത്ത ഇടവകാംഗങ്ങൾക്കും, സിസ്റ്റേഴ്സിനും, സാന്തോം ക്വയറിനും, സെന്റ് തോമസ് യൂത്തിനും, മറ്റു സംഘടനകൾക്കും ട്രസ്റ്റിമാർക്കും അകമഴിഞ്ഞ നന്ദി.

### സ്വാഗതം

നമ്മുടെ ഇടവകയിൽ പുതിയതായി ചാർജെടുക്കുന്ന അസി. വികാരിമാരായ ഫാ. ജോയ്സ് മടുക്കകുഴി സി.എം.ഐ. അച്ചനും, ഫാ. ഷിജിൽ പുളിമൂട്ടിൽ സി.എം.ഐ. അച്ചനും ധർമ്മാരാം സെന്റ് തോമസ് ഫൊറോനയിലേക്ക് ഹൃദ്യമായ സ്വാഗതം.

### യാത്രാമംഗളങ്ങൾ

കഴിഞ്ഞ ഒരു വർഷകാലം ഇടവകയിൽ സ്തുത്യർഹമായി സേവനം ചെയ്ത അസി. വികാരിമാരായ ഫാ. ഷാൻ കുന്നുംപുറത്ത് സി.എം.ഐ., ഫാ. ജോബിൻ തോലാനിക്കൽ സി.എം.ഐ. അച്ചന്മാർക്ക് ഇടവകയുടെ അകമഴിഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

# ഓർത്തിരിക്കാൻ

- **ഊട്ടുതിരുനാൾ-** വി. യൗസേപ്പിതാവിന്റെ ബഹുമാനാർത്ഥം നമ്മുടെ ദേവാലയത്തിൽ നടത്തിവരുന്ന ഊട്ടുതിരുനാൾ മാർച്ച് 22–ാം തിയതി ഞായറാഴ്ച ആചരിക്കുന്നു. വൈകിട്ട് 5.30 ന്റെ ദിവ്യബലിയോടെ തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നതാണ്.
- **വലിയനോമ്പ് -** ഫെബ്രു. 24, തിങ്കളാഴ്ച, വിഭൂതിതിരുനാൾ ആചരിച്ച് നാം വലിയ നോമ്പിലേയ്ക്ക് പ്രവേശിക്കുകയാണ്. നോമ്പ്കാലത്ത് ഞായറാഴ്ചകളിൽ വൈകുന്നേരം 4.30 ന് ദേവാലയത്തിനുള്ളിൽ കുരിശിന്റെ വഴിയും, വെള്ളിയാഴ്ചകളിൽ 5.30 ന്റെ ദിവ്യബലിക്കു ശേഷം ദേവാലയത്തിനുചുറ്റും ആഘോഷമായും കുരിശിന്റെ വഴിയും ഉണ്ടായിരിക്കുന്നതാണ്.

## DATES TO REMEMBER

| | |
|---|---|
| Feb 28 Fri | Solemn Way of the Cross on Fridays begins |
| March 1 Sun | Devotion to St. Joseph begins |
| | 1st Sunday of Lent; Way of the Cross inside the Church at 4.30 pm |
| Mar 13, 14, 15 | Marriage Preparation Course |
| March 15 Sun | Parish Council Meeting |
| March 17, Tue | Three days devotion begins in preparation for St. Joseph's Feast |
| March 19, Thu | Feast of St. Joseph |
| March 21, Sat | Santhome Kinder Graduation Day |
| March 22 Sun | Oottuthirunnal- 5.30 pm Holy Mass |
| March 26, 27,28,29 | Mandya Diocese - Bible Convention |
| March 31 Tue | Concluding day of Devotion to St. Joseph |
| April 3, Fri | First Friday |
| April 17, 18, 19 | Marriage Preparation Course |
| April 5 Sun | Palm Sunday<br>**Main Celebrant Mar Sebastian Adayanthrath** |
| April 6, 7, 8 | Holy Week Preparation & Confession (5 pm – 8.30 pm) |
| April 9 Thu | Maundy Thursday - 5.30 pm Solemn High Mass |
| April 10 Fri | Good Friday 7 am Passion service, 4 pm Solemn way of the cross |
| April 11 Sat | Holy Saturday 6.30 am Holy Service, H. Mass 8.30 pm Easter Vigil 11.30 pm |
| April 12 Sun | Easter Sunday 7 am, 9 am, 11.00 am H. Mass |
| April 19 Sun | Parish Council Meeting<br>Scholarship exam 10.30 am<br>@ St. Thomas Church, Jalahalli<br>Re-exam for Absentees & failed students<br>at 10.30 am A/c Hall |

SANTHOME KINDER

LOVE PLAY LEARN

# FEASTS AND FÊTES

As the academic year comes to an end, the school is abuzz with activities! In January, the Republic day was celebrated with a 'States of India' costume display. Seeing the little ones dressed in traditional wear, complete with jewelry and turbans, too, brought a smile to all.

On 14 January, the children made kites with their teachers and had a fun time with them outdoors. 17th January saw the children attired in purple as part of 'Purple Day' celebrations. They mixed blue and red paint to create purple and violet.

We visited Dharmaram campus on 23rd January. The students had a blast!! It was really delightful to see their smiles and joy at seeing the ostriches, hens, goats etc. They enjoyed the flowers, greenery and the bus ride!

On 6th February, the teachers put up a skit to show the children the importance of hygiene and cleanliness for good health. We had a great time on 12th February, as the children decorated cupcakes with icing made in class. This was a fabulous activity as the children worked on their fine motor skills as well as had fun decorating and eating their cupcakes.

Our Bible Nursery students put up a splendid performance for the Parish Feast held on 16th February. The various traditional Christian dance forms were displayed.

'My Favourite Community Helper' costume display will be held on 19th February. Looking forward to the Fire Station visit on 27th February!

**Admissions are open for the academic year 2020-21 for Playgroup and PreKG. Registration forms are available at the School Office.**



# CATECHISM CORNER

## Christmas Celebration

Chistmas celebration was held on 22nd December for the children and staff. The children of 12th standard along with their class teachers made it a very memorable day by singing carols, performing a flash mob and then took the kids by a surprise when the Sancta made a surprise entry. The children enjoyed each and every bit of the celebration. There were gift exchanges in classes and the students were seen eagerly waiting to receive their gifts. The Sancta along with the students of the 12th and the staff visited each class, sang carols and distributed sweets. The joyous mood of Christmas was set in by these students.

The Christmas celebration for the staff was held after the holy mass. The celebration was presided by our Vicar, Fr. Cyriac Madathil CMI, Fr. Shan Kunnumpurathu CMI our Director, and Fr. Jobin Tholanickal CMI the Asst Director. Fr Cyriac Madathil, CMI our Vicar and Fr. Shan our Director gave away a small message, which was then followed by gift exchange by the teachers. This time we did have the Sancta coming in and joining us in the celebration and was part of the gift exchange as well. The celebration ended with a fellowship lunch.

## CML Annual Day

CML Annual day was celebrated on the 15th of January. The participation of our students was tremendous as we literally bagged most of the prizes that were given out. The Annual day started of with the mission rally from Christ School, where we had nearly 100 students participating. The competion started with the judges evaluating the rally and the children shouting the CML slogans. The collective efforts of our children and the enthusiasm was so amazing to watch. The efforts from our children and the support of our parents ,the children won the 3rd place for the rally. During the Annual day many awards were given away. The short films were screened for the children. St. Thomas CML Unit, bagged the 1st place in the best short film award. This short film prepared by St. Thomas CML unit, was named as "**Charisma**" which portrayed the true Christian values followed in our day today life. St. Thomas CML Unit won the following awards:

1) **3rd Prize in Mission Rally.**
2) **3rd best CML unit in Mandya Diocese.**
3) **1st Prize for the Short film competition.**
4) **2nd Prize for the Mission month activities.**
5) **3rd Prize for Annual activity Report.**
6) **1st and 2nd prize for Essay competition in the junior section.**
7) **2nd Prize in CML quiz under Senios Section.**

We thank God almighty for his continous blessings in helping us achieve this and spread the mission word. Our Vicar, Fr. Cyriac Madathil CMI always supported us and ensured he was there when needed. Our

Director Fr. Shan Kunnumpurathu CMI was the main anchor behind the success. Father was always there to support us with ideas be it any time. We are indebted to you Father. The animators Mr. Joseph Augustine had a great vision and his ideas amd committment played a significant role in achieving this. His thoughts and ideas in bringing the children to church for mission activities was remarkable. A great effort by you sir which brought these laurels to us. Mrs. Shyni Gilbert was a true backing to Joseph Sir. Thank you dear children and the parents who encouraged and left their children for the shoots, for the mission activities and outreach programmes. God bless you all.

## Felicitation to Fr. Anoop

Fr. Anoop Naduvilekalam, CMI was ordained priest on the 31st of December 2019. Fr. Anoop was the Catechism incharge brother and thought in the senior classes last year. It was indeed a happy day for the Catechism family to welcome father after his ordination to our Catechism family on the 26th of January. Fr. Anoop celebrated mass for us on that day at 11:00 AM. After the mass the Catechism teachers assembled to felicitate him and congratulate him. We wish Fr. Anoop the very best in his religious activities.

## 2nd Semester Exam

On 9th February, the 2nd Semester Catechism exams was held between 11:00 AM to 1:00 PM. The students were seen actively revising to ensure they get good marks.

The Catechism Results and 100% attendance will be displayed in the church on 23rd of February. The same will be made availaible in the church website.

## Annual Day

The Catechism Annual Day will be held on **23rd February at 4:00 PM** in the Main Hall. **His Excellency, Mar. Sebastian Adayantharath, Bishop of Mandya** will be the chief guest. The academic awards and the attendance awards will be given away that day. The chidren have begun the preparations for an evening full of cultural activities. Be there to enjoy and see our children perform and to cheer them.

Students need to be present on this day to collect the 100% attendance award.

**A Warm Welcome to all to the Catechism Annual Day.**

## Condolences

Mrs. Nisha Thomas, mother of Alen Chacko studying in Class "VI C" in our Catechism was called to eternal rest on 13th February. We the Catechism family stand in solidarity to express our condolences to Alen and his family. We ask Lord Jesus to give the strength and support to bear the loss as we pray for the departed soul.

## Important Dates To Remember

| | |
|---|---|
| **23rd February :** | Catechism Results, Catechism Annual Day and Prize Distribution @ 4:00 PM in Main Hall. |
| **19th April** : | Catechism Re-Exam for failures and absentees @10:30 AM. |
| **19th April** : | Catechism Scholarship Exam @ St. Thomas Church, Jalahalli (10:30 AM) |
| **24th May** : | St. Thomas Catechism Staff Orientation. |
| **31st May** : | Diocesan Teachers orientation program and Annual Award Ceremony @5:00 PM @ St. Thomas Forane Church, Dharmaram |












Cherupushpa Mission



അടുത്ത തവണത്തെ ലോഗോസ് പരീക്ഷക്ക് ഒരുക്കമായി ലോഗോസ് ക്വിസ് പോർഷൻ ആണ് ക്വിസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# എഫ്ഫാത്ത ബൈബിൾ ക്വിസ്

## മർക്കോസ് 4-5

1. ഈശോ ബാലികയെ ഉയിർപ്പിക്കുവാൻ പോയപ്പോൾ അനുഗമിച്ച ശിഷ്യന്മാർ ആരെല്ലാം?
2. ജായ്റൂസിന്റെ വീട്ടിൽ വിലപിച്ചിരുന്നവരോട് ഈശോ പറഞ്ഞത് എന്ത്?
3. രക്തസ്രാവത്താൽ വലഞ്ഞിരുന്ന സ്ത്രീ എത്ര വർഷം അത് അനുഭവിച്ചു?
4. ഈശോ പിശാചു ബാധിതനെ കണ്ടുമുട്ടിയ സ്ഥലത്തിന്റെ പേര്?
5. ഈശോ ആരുടെ മകളെയാണ് ഉയിർപ്പിച്ചത്?
6. എവിടെ ഇരുന്നുകൊണ്ടാണ് ഈശോ വിതക്കാരന്റെ ഉപമ പറയുന്നത്?
7. തന്റെ സൗഖ്യം ഏറ്റുപറഞ്ഞ രക്തസ്രാവക്കാരിയോട് ഈശോ പറഞ്ഞത് എന്ത്?
8. എവിടെ വിതക്കപ്പെട്ട വചനമാണ് സാത്താൻ വന്ന് എടുത്തുകൊണ്ട് പോകുന്നത്?
9. കടലിൽ കൊടുങ്കാറ്റുണ്ടായപ്പോൾ ഈശോ വഞ്ചിയിൽ എന്തുചെയ്യുകയായിരുന്നു?
10. മുള്ളുകൾ എന്തിന്റെ പ്രതീകമാണ്?
11. എന്തുപറഞ്ഞുകൊണ്ടാണ് ഈശോ കടലിനെയും കാറ്റിനെയും ശാസിക്കുന്നത്?
12. പിശാചുബാധിതൻ എവിടെയാണ് താമസിച്ചിരുന്നത്?
13. ഈശോയെ കണ്ടപ്പോൾ പിശാചുബാധിതൻ പറഞ്ഞത് എന്ത്?

## MARK 4-5

1. Which disciples were allowed to follow Jesus when he went to heal Jairus' daughter?
2. What did Jesus say to the people who were crying and wailing loudly at Jairus' house?
3. For how many years had the woman been subject to bleeding?
4. Where did Jesus meet a man with an impure spirit?
5. Whose daughter did Jesus raise from death?
6. Where was Jesus sitting when he told the parable of the sower?
7. What did Jesus tell the woman who confessed she had been healed from bleeding?
8. Satan comes and takes away the word that was sown in them. Where was this word sown?
9. What was Jesus doing in the boat when a furious squall came up?
10. What do the thorns symbolize?
11. What did Jesus say when he rebuked the wind and the waves?
12. Where did the man with the impure spirit live?
13. What did the man with the impure spirit say when he saw Jesus?

## നിബന്ധനകൾ

1. 2020 മാർച്ച് 22 നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കുടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഒ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധി കർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (**വചനത്തിന്റെ** reference **എഴുതണം**).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## എഫ്ഫാത്ത ബൈബിൾ ക്വിസ് Nov - Dec ഉത്തരങ്ങൾ

1. കഫർണം
2. തളർവാത രോഗിയെ സുഖപ്പെടുത്തിയത്
3. ഹൽപൈ
4. കതിരുകൾ പറിച്ചു
5. അബിയാഥർ
6. ചുങ്കസ്ഥലത്ത്
7. ദാവീദ്
8. ഹേറോദേസ് പക്ഷക്കാർ
9. അശുദ്ധാത്മാക്കൾ
10. ബേൽസബെൽ

### Ephphatha Bible Quiz Nov.- Dec 2019 Answers

1. Capernaum
2. Healing of the paralyzed man
3. Alphaeus
4. They picked heads of grain
5. Abiathar
6. The tax collector's booth
7. David
8. With the Herodians
9. Impure spirits
10. Beelzebul

## Ephphatha Winners: Nov. - Dec. 2019

**Keziah Mathew, Julit Jipson & Shobina Tittu**

### Correct answers given by

**Alice Thomas, Annie Issac, Annie Jose, Bismi Jose, Celin Joseph, Daisy Shaju, Laly Babu Mary Baby, Mary Louis Philomina Davis & Thankamma Joseph**

## BAPTISM

| | | |
|---|---|---|
| 1. | Jagat Yadav (Joseph) | 23.12.19 |
| 2. | Sarojnee Yadav (Mary) | 23.12.19 |
| 3. | Sabina Yadav (Teresa( | 23.12.19 |
| 4. | Christopher Antony Valiyara (Chrisopher) | 29.12.19 |
| 5. | Joanne Arun (Anna) | 25.01.20 |

## WEDDING BELLS

| | | |
|---|---|---|
| 1. | Rohit Francis & Jinu Thomas | 30.12.19 |
| 2. | Sajan Joseph & Sonia Abraham | 11.01.20 |
| 3. | Leo Y & Darus J | 18.01.20 |
| 4. | Sijo Antony & Steffy V R | 19.01.20 |
| 5. | Milin Mathew & Shruthi Biddappa | 20.01.20 |
| 6. | Dilish Stanley & Lyria Kurian | 24.01.20 |
| 7. | Seico P V & Merin | 25.01.20 |
| 8. | Allen Tom & Ritty Joseph | 25.01.20 |
| 9. | Adrian M Silvester & Sonia Anthony | 26.01.20 |
| 10. | Tejas & Twinkle Shaji | 27.01.20 |
| 11. | Biju Varghese & Shalet Francis | 01.02.20 |

## DEATH

| | | |
|---|---|---|
| 1. | Nisha Thomas | 13.02.20 |

# EDEN

**Word Puzzle Winners : Delvin Kuriakose, Liya Mariam, Jerome Noble**

## Word Puzzle Competition - UP

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I | E | R | U | S | A | E | R | T | U | S | E | T | O |
| T | S | E | R | U | L | I | A | F | A | H | F | I | s |
| C | I | E | R | H | E | F | H | T | E | U | S | F | I |
| E | S | D | N | E | I | R | F | T | H | I | E | F | L |
| P | A | E | O | F | B | E | L | B | M | U | H | F | E |
| S | U | O | T | S | U | U | R | A | I | E | O | H | N |
| E | H | F | A | H | A | E | K | I | H | G | I | F | T |
| R | E | S | T | F | A | T | S | E | V | R | A | H | S |
| S | O | M | O | D | S | I | W | A | E | I | N | I | E |
| A | E | N | U | T | R | O | F | E | U | G | N | O | T |

**Correct Answers given by: : Aleena Jose, Alwin Jacob Jain, Bilna, Delna Babu, Gerald Noble, Meryl V M, Robin Manoj & Sam Shinto**

### Rules for Competition

1. A competition held **only for the catechism students from STD IV to VII**
2. Submit the answers on or before March 22
3. Use different colours

### FIND THE WORDS

**Rebuke, Fault, Failure, Silent, Fortune, Gift, Humble, Friends, Bread, Tongue, Respect, Thief, Harvest, Wisdom & Treasure**

Name..........................................................................

Address......................................................................

...................................................................................

...................................................................................

For Correct answers of the last edition Crossword: http://stcforanebanglore.smcim.com/home/downloads_details/109

# EPHRON

**Word Puzzle Winners :** Jerolin Mathew

## Word Puzzle Competition - HS & HSS

### Rules for Competition

1. A competition held **only for the catechism students from STD VIII to XII**
2. Read the given passage, pick the answers for the questions and mark them among the letters
3. Submit on or before March 22

Name.............................................................

Address.........................................................

...................................................................

...................................................................

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| S | S | E | N | E | V | I | G | R | O | F | U | A |
| E | R | A | S | R | D | U | S | H | G | U | A | L |
| N | U | D | H | U | S | S | H | M | A | U | S | S |
| S | H | D | O | R | D | N | D | M | I | T | A | E |
| I | S | R | A | H | B | U | R | D | E | N | C | D |
| B | P | H | I | W | S | I | S | P | S | D | D | A |
| L | E | D | A | O | U | R | T | H | D | R | N | H |
| E | S | S | S | E | N | S | S | E | L | W | A | L |
| S | I | U | A | T | H | O | U | G | H | T | S | U |
| A | W | H | I | S | P | E | R | E | R | U | A | S |

For Correct answers of the last edition Crossword: http://stcforanebanglore.smcim.com/home/downloads_details/109

### Reference: Sirach 21

1. Ask ............. for your past sins.
2. if you approach sin, it will ….... you
3. What is like a two-edged sword?
4. Whose house will be laid to waste?
5. Who is hated in his neighbourhood?
6. To the ……... person education is like a golden ornament
7. A fool's chatter is like a ……... on a journey
8. When an intelligent person hears a …….. saying, he praises it.
9. The …….. of a fool is like a broken jar.
10. The way of sinners is paved with smooth stones, but at its end is the pit of ……...
11. What does the one who keeps the law control?
12. A fool raises his voice when he …….. .

# EPHRAIM

Crossword Puzzle Winners : Riya Merin James

# Crossword

**Rules for Crosswords**

A competition held **only for the Youth**

Submit the answers on or before March 22.

**Deuteronomy 27 & 28**



## Across

1. On which mountain should the stones be set up?
3. With what stones should the altar of the Lord be built?
6. Then Moses and the ……... priests spoke to all Israel, saying: Keep silence and hear, O Israel!
7. Blessed shall be the fruit of your womb, the fruit of your ……… , and the fruit of your livestock, both the increase of your cattle and the issue of your flock.
9. He will put an …….. yoke on your neck until he has destroyed you.
10. You shall carry much seed into the field but shall gather little in, for the ……… shall consume it.
11. The Lord will afflict you with ………., blindness, and confusion of mind
12. Cursed shall be your …….. and your kneading bowl.
15. The sky over your head shall be ……… , and the earth under you iron.

## Down

1. What should the large stones be covered with when you cross over the Jordan into the land that the Lord your God is giving you?
4. "Cursed be anyone who takes a ……. to shed innocent blood."
5. "Cursed be anyone who makes an idol or casts an image, anything abhorrent to the Lord, the work of an ………. , and sets it up in secret."
8. The Lord will bring you back in …….. to Egypt
13. You shall plant vineyards and dress them, but you shall neither drink the wine nor gather the grapes, for the ……… shall eat them.
14. The Lord will open for you his rich storehouse, the ……… , to give the rain of your land in its season

For Correct answers of the last edition Crossword: http://stcforanebanglore.smcim.com/home/downloads_details/109

## സ്നേഹസ്മരണയ്ക്ക്
## ഒന്നാം ചരമവാർഷികം



## ഏല്യ പൗലോസ്
പടിഞ്ഞാറെക്കാടൻ ഹൗസ്

**ജനനം: 13-02-1929 മരണം: 28-01-2019**

''ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്കു സമ്മാനിക്കും'' (2 തിമോ. 4: 7-8).

## FIRST DEATH ANNIVERSARY



## PL JACOB

15-03-2019

**Family Members**


# SANTHOME KINDER

## PLAY. LOVE. LEARN



To EXPLORE, PLAY and LEARN... Children are the Curriculum!!

## ADMISSIONS OPEN!!

**CONTACT US:**
St. Thomas Forane Church
Christ School Road, Dharmaram, Bangalore 560029
Phone: 9742863560, Email: santhomekinder@gmail.com



Muthashy's
FAMILY RESTAURANT & CATERERS
Madiwala Maruthi Nagar - BTM Main Road, Near Gangothri Circle
Experience the authentic taste of
Kerala Style, South Indian, North Indian & Chinese Dishes
We undertake all types of Outdoor Catering & Corporate Orders
Contact : 080-42274488, 9844162560
zomato
Online Delivery
Available Through
SWIGGY




BONIYEM
CATERERS & EVENTS
From the Group of Royal Chef Caterers Chalakudy Kerala
Door No. 5 Koppa Main Road ,Near Christ Academy School, Bingipura, Bangalore
www.boniyemeventplanners.com, Email : boniyembangalore@gmail.com, boniyemeventplanners
Ph : +91 9481 424 113, 91 9008 176 049, +91 9481 423 559




CHETTUPUZHA GROUP SINCE 1914
FOUNDER JOSEPH PAUL

Alice
GOLD DIAMONDS PLATINUM

Bangalore: #50 Dispensary Rd | #15/1 Disckenson Rd | #218/1 Kammanahalli Main Rd.
Ph: 08025591378 / 08025592070 / 9036724663 Email: alice916gold@yahoo.com





ANTEGRA

Designer Silver At www.antegra.in